



**എവിടെപ്പോയാലും ഹോളണ്ടുകാർ സൈക്കിൾ കൂടി കൂടെകൊണ്ടുപോകും. ഒരു കോടി രൂപയോളം വിലയുള്ള മേഴ്സിഡസ് ബെൻസ് – എസ് ക്ളാസ് കാർ കൊണ്ടുനടക്കുന്നവർ പോലും കാറിന്റെ മുകളിൽ ഒരു പഴയ മുഴുവൻ സൈക്കിൾ കെട്ടിവയ്ക്കും. സൈക്കിളിനെ ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന ഡച്ചുകാരുടെ കൂടുതൽ വിശേഷങ്ങളുമായി**

**രാജു റാഫേൽ**

# വാൻഗോഗിൽ നിന്ന് സൈക്കിളിലേക്ക്

**തിങ്കൾ** മുതൽ വെള്ളിവരെയാണ് റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്റർ എന്ന ആർ.എൻ.ടി.സി.യിലെ പഠനം– രാവിലെ 9 മുതൽ വൈകീട്ട് 5 വരെ. ശനിയും ഞായറും ഒഴിവുദിവസങ്ങൾ. ലാപ്ടോപ് അടക്കമുള്ള എല്ലാ സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് തന്നെ നൽകിയിട്ടുണ്ടെങ്കിലും ഒന്നും ഗസ്റ്റ് ഹൗസിലേക്ക് കൊണ്ടുപോകാൻ അനുവാദം ഇല്ല. രാത്രിയിലും ഒഴിവുസമയങ്ങളിലും വിദ്യാർത്ഥികൾ പൂർണ്ണമായും പഠനത്തിൽ നിന്നും മറ്റ് ജോലികളിൽ നിന്നും വിമുക്തരായിരിക്കണം എന്ന നയമാണ് ആർ.എൻ.ടി. സിക്ക് ഉള്ളത്. എങ്കിലേ പഠനസമയത്ത് ശരിയായി പഠിക്കു എന്ന കാഴ്ചപ്പാട്. ഇതു ശരിയാണന്ന് എനിക്കും തോന്നി. ശനിയും ഞായറും നെതർലാന്റിലെ ഹേഗ് പോലുള്ള മറ്റ് നഗരങ്ങളിൽ കറങ്ങി നടക്കാം, അതുമില്ലെങ്കിൽ രണ്ടോ മൂന്നോ മണിക്കൂർ കിഴക്കോട്ട് ട്രെയിനിൽ യാത്ര ചെയ്താൽ ജർമ്മനിയിൽ എത്താം, കിഴക്കിന് പകരം തെക്ക്–പടിഞ്ഞാറ് ദിശയിൽ ഒന്നര മണിക്കൂർ പോയാൽ യൂറോപ്യൻ യൂണിയന്റെ തലസ്ഥാനമായ ബ്രസ്സൽസിൽ എത്താം. പാരിസും ബർലിനും പോലുള്ള നഗരങ്ങൾ ഞാൻ താമസിക്കുന്ന ബൂസ്സുമിൽ നിന്ന് നാലോ അഞ്ചോ മണിക്കൂർ മാത്രം ട്രെയിൻ യാത്രയുടെ അകലത്തിൽ. ഫ്രാൻസും ഡെൻമാർക്കും അടക്കമുള്ള 25 യൂറോപ്യൻ യൂണിയൻ രാജ്യങ്ങളി ലേക്ക് എത്ര പ്രാവശ്യം വേണമെങ്കിലും പോയി വരാവുന്ന വിസയാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. അത്യാവശ്യം യൂറോപ്പിൽ കറങ്ങി നടക്കാനുള്ള യൂറോ എന്റെ കൈവശമുണ്ട്. ഫെല്ലോഷിപ്പിന്റെ ഭാഗമായി നെതർലാന്റ് ഡെവലപ്മെന്റ് ഏജൻസി എന്ന ന്യൂഫിക്കിന്റെ വകയായി ലഭിച്ച പോക്കറ്റ് മണിയാണ്. നെതർലാന്റിൽ എത്തിയിട്ട് അഞ്ച് ദിവസമേ ആയിട്ടുള്ളൂ, ഇന്ന് ബുധൻ– ശനി യാഴ്ച നേരം പുലർന്നിട്ടുവേണം പാരിസിലേക്കോ ബർലിനിലേക്കോ വണ്ടി വിടാൻ എന്ന ചിന്തയിലാണ് ഞാൻ. ഞാൻ മാത്രമല്ല, എന്റെ സഹപാഠികളു

ടെയും വിചാരം ഇതു തന്നെയാണ്. അമേരിക്കയിൽ നിന്ന് ജേർണലിസം പഠനം പൂർത്തിയാക്കിയ ചില മിടുക്കന്മാരും മിടുക്കികളും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. അവരിൽ ചിലർ വെളളിയാഴ്ച അഞ്ച് മണിക്ക് ക്ളാസ് കഴിഞ്ഞ ഉടനേ തന്നെ പാരിസിലേക്ക് പോകാനുള്ള ഒരുക്കത്തിലാണത്രേ. എന്തായാലും അത്ര ആവേശം വേണ്ടന്ന് ഞാൻ തീരുമാനിച്ചു.

ആഴ്ചയവസാനം പാരിസിലോ ബർലിനിലോ കറങ്ങി നടക്കുന്നത് ആലോചിക്കുന്നത് ഒരു സുഖമുള്ള ഏർപ്പാടണെങ്കിലും എന്റെ മനസ്സ് അതിന് തയ്യാറായിരുന്നില്ല. വെള്ളിയാഴ്ച, അതായത് മറ്റന്നാൾ, ഒരു വലിയ കടമ്പ ചാടിക്കടക്കാനുണ്ട്. അതെക്കുറിച്ചുള്ള പരിഭ്രമം തലവേദനയായി എന്നെ വല്ലാതെ അലട്ടിതുടങ്ങിയിരിക്കുന്നു. ഒരു ഡോക്യുമെന്ററി എങ്ങിനെ നിർമ്മിക്കാം എന്ന തിനെപറ്റി മുപ്പത്-നാല്പത് മിനിറ്റ് ദൈർഘ്യമുള്ള ഒരു അവതരണം നടത്തണം. ഡോക്യുമെന്ററിയുടെ മാധ്യമം റേഡിയയോ ടി.വിയോ ആകാം, വിരോധമില്ല.വിഷയത്തിന്റെ കാര്യത്തിലും നിബന്ധനകളില്ല. മറ്റ് വിദ്യാർത്ഥികളും, അധ്യാപകരും, റേഡിയോ നെതർലാന്റസിൽ നിന്ന് ക്ഷണിക്കപ്പെട്ട മുതിർന്ന പത്രപ്രവർത്തകരുമായിരിക്കും സദസ്സ്. അവതരണം പൂർത്തിയായാൽ അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയണം, സംശയങ്ങൾ തീർക്കണം.ഡോക്യുമെന്റി നിർമ്മിക്കാനുള്ള വിഷയം എങ്ങിനെ കണ്ടത്തി, അതിന്റെ പ്രധാന്യമെന്താണ്, കാലികമായ പ്രസക്തിയെന്താണ്, എന്തുകൊണ്ട് ഈ പ്രത്യേക മാധ്യമം ഈ ഡോക്യുമെന്ററിക്കായി തിരഞ്ഞെടുത്തു?- ഇത്തരം കുഴപ്പം പിടിച്ച ചോദ്യങ്ങളായിരിക്കും ചോദിക്കുക എന്നുറുപ്പ്.

ഡോക്യുമെന്ററി നിർമ്മിക്കാനാണങ്കിൽ എളുപ്പത്തിൽ കാര്യം നടന്നേനെ! 15 വർഷത്തെ ഏഷ്യാനെറ്റ് ജീവിതത്തിനിടെ ചുരുങ്ങിയത് 50 ഡോക്യുമെന്ററികളെങ്കിലും ഞാൻ ഉണ്ടാക്കിയിട്ടുണ്ട്. പലതും പ്രക്ഷേപണ ദിവസം ഒരു പ്രത്ര്യേക സമയത്ത് ആഴ്ചതോറും കാണിക്കേണ്ട 'അന്വേഷണം' പോലുള്ള പരിപാടി മുടങ്ങാതിരിക്കാനായി നാലോ അഞ്ചോ മണിക്കൂറിനുള്ളിൽ തട്ടികൂട്ടുന്നവ. മുൻപ് ഞാൻ തന്നെ റിപ്പോർട്ട് ചെയ്യുകയും ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുകയും ചർച്ചയാവുകയും ചെയ്ത ഏതെങ്കിലും വാർത്താശകലം രണ്ടോ, മൂന്നോ ഇന്റർവ്യൂകൾ കൂടി ചേർത്ത് ഡോക്യുമെന്ററിയായി വലിച്ചു നീട്ടുകയാണ് അത്തരം സന്ദർഭങ്ങളിൽ ചെയ്യുക. ഇങ്ങനെ മുട്ടുശാന്തിക്കായി ചെയ്തു തീർത്ത ചില ഡോക്യുമെന്ററികൾ നന്നായിരുന്നു എന്ന് പലരും പറഞ്ഞതോടെ ഡോക്യുമെന്ററി നിർമ്മാണ കലയിൽ എനിക്കുള്ള വൈഭവമോർത്ത് ഞാൻ അൽപം അഹങ്കരിക്കുകകൂടി ചെയ്തിരുന്നു. എന്നാൽ ഇവിടെ ഡോക്യുമെന്ററി നിർമ്മിക്കേണ്ട, അത് എങ്ങിനെ നിർമ്മിക്കാം എന്ന് മറ്റുള്ളവരെ പഠിപ്പിച്ചാൽ മതി. 18 വിദ്യാർത്ഥികളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ചാണ് പ്രസന്റേഷൻ. എന്റെ ഗ്രൂപ്പിൽ തന്നെയാണ് ഡാംബറും കിബ്രിയും. ഭൂട്ടാനിലെ ഏതോ നാടൻ കലയെ കുറിച്ചാണ് ഡാംബറിന്റെ പ്രസന്റേഷൻ. അവൻ അത് നാട്ടിൽ നിന്ന് തന്നെ തയ്യാറാക്കി കൊണ്ടുവന്നിട്ടുണ്ട്. മുൻപ് ആർ.എൻ. ടി.സിയിൽ പഠിച്ചതിന്റെ ഗുണം! കിബ്രിയാകട്ടെ ഫുൾബ്രൈറ്റ് ഫെല്ലോഷിപ്പ് കിട്ടി, അമേരിക്കയിലെ പ്രശസ്തമായ കൊളംബിയ സർവ്വകലാശാലയിൽ നിന്ന് പത്രപ്രവർത്തനത്തിൽ ബിരുദാനന്തര പഠനം പൂർത്തിയാക്കി പുറത്തിങ്ങിയിട്ട് അധികം നാളായിട്ടില്ല. അമേരിക്കൻ പഠനക്കാലത്തെ ഏതോ ഒരു പ്രസന്റേഷൻ മൂപ്പര് പൊടിതട്ടിയെടുത്ത് ശരിയാക്കിയിട്ടുണ്ട്.

പ്രസന്റേഷന്റെ പണി ഒന്നുമാകാത്തത് എന്റെയാണ്. വിഖ്യാത ചിത്രകാരൻ വാൻഗോഗിനെ കുറിച്ച് ഒരു ടെലിവിഷൻ ഡോക്യുമെന്ററി എങ്ങിനെ നിർമ്മിക്കാം എന്നത് പ്രസന്റേഷനായി അവതിരപ്പിക്കാം എന്ന ധാരണയിലാണ് ഞാൻ. വാൻഗോഗിന്റെ ജീവിതത്തെ കുറിച്ച് ഏകദേശ ധാരണ എനിക്കുണ്ട്. വാൻഗോഗിന്റെ ചിത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള ആംസ്റ്റർഡാമിലെ മ്യൂസിയം കാണാൻ പോയത് ഈ ഒരു ലക്ഷ്യം കൂടി മനസ്സിൽവച്ചായിരുന്നു. ഇനി അവിടുന്ന് കിട്ടിയ വിവരങ്ങൾ എല്ലാം ചേർത്ത് അടുക്കിവെച്ച് ഒരു പ്രസന്റേഷൻ ശരിയാക്കണം. കുറെ ഫോട്ടോകൾ ഞാൻ എടുത്തിട്ടുണ്ട്. അതെല്ലാം ചേർത്ത് ലാപ്ടോപ്പിൽ ഒരു പവ്വർപോയിന്റ് പ്രസന്റേഷൻ-അതാണ് എന്റെ മനസ്സിലുള്ള ആശയം.

ആംസ്റ്റർഡാമിൽ നിന്ന് തിരിച്ചെത്തിയയുടൻ ചുടുവെള്ളത്തിൽ ഒരു കുളി പാസ്സാക്കി ക്യാമറ കയ്യിലെടുത്ത് ഇരിക്കുകയാണ് ഞാൻ. കൊള്ളാവുന്ന എത്ര ഫോട്ടോ ഉണ്ട്? ഏതൊക്കെ പ്രസന്റേഷന് ഉപയോഗിക്കാൻ പറ്റും എന്നറിയണം. താഴെ ഗസ്റ്റ് ഹൗസിനോട് ചേർന്നുള്ള റോഡിൽ മുലാത്തുവും ഡാംബറുമടക്കമുള്ള സംഘം ഫുട്ബോൾ കളിക്കുന്നുണ്ട്. ലോക കപ്പിന്റെ സീസണായതുകൊണ്ട് ഫുടബോൾ ജ്വരം ഹോളണ്ടിൽ പടർന്ന് പിടിച്ചിരിക്കുകയാണ്. ഹോളണ്ടിന്റെ ഓറഞ്ചുകുപ്പായമണിഞ്ഞ കുട്ടികൾ മൈതാനമെന്നോ, റോഡ് എന്നോ വിത്യാസമില്ലാതെ ഒഴിവുള്ള സ്ഥലങ്ങളിലെല്ലാം ഫുട്ബോൾ കളിക്കുന്ന കാഴ്ച എങ്ങും കാണാം. ഞങ്ങൾ താമസിക്കുന്ന ബോസ്റ്റൺ ഗസ്റ്റ് ഹൗസിനോട് ചേർന്ന് ഒരു പഴയ സെമിത്തേരിയുണ്ട്, മനോഹരമായ പൂന്തോട്ടമുള്ള സെമിത്തേരി. സെമിത്തേരിക്ക് അപ്പുറം ബുസ്സും എന്ന ഗ്രാമം തുടങ്ങുന്നു. ഈ ഗ്രാമത്തിലെ കുട്ടികൾ പതിവായി സെമിത്തേരിയുടെ മുറ്റത്തെ റോഡിൽ കളിക്കാൻ വരുന്നുണ്ട്. അവരുടെ കൂടെ കൂടിയിരിക്കുകയാണ് മുലാത്തുവും ഡാംബറും. കൂട്ടത്തിൽ ജോർജിയയിൽ നിന്നുള്ള ടിനയുമുണ്ട്.

ഫോട്ടോകൾ പരിശോധിച്ച് കഴിഞ്ഞപ്പോൾ ഞാൻ ആകെ കുഴഞ്ഞു. ഇന്ന് എടുത്തിട്ടുള്ള ആംസ്റ്റർഡാം ഫോട്ടോകളിൽ മൂന്നോ, നാലോ മാത്രമേ വാൻഗോഗുമായി ബന്ധപ്പെട്ടത് ഉള്ളൂ. ബാക്കിയെല്ലാം സൈക്കിളുകൾ ആണ്. വിവിധ തരം സൈക്കിളുകൾ, സൈക്കിൾ യാത്രക്കാർ. ഈ നാല് ഫോട്ടോകൾ വച്ച് വാൻഗോഗ് പ്രസന്റേഷൻ ഉണ്ടാക്കുവാൻ കഴിയില്ല. നാളത്തെ ഒരു ദിവസം മാത്രമാണ് ഇനി പ്രസന്റേഷന് ഉള്ളത്. നാളെ ക്ളാസില്ല. പ്രസന്റേഷൻ തയ്യാറാക്കാനുള്ള സമയമാണ് രാവിലെ 9 മുതൽ 5 വരെ. എന്ത് ചെയ്യണമെന്ന് ആലോചിച്ച് അന്തം വിട്ടിരിക്കുന്നതിന് ഇടയിൽ മനസ്സ് കാട് കയറി. കണക്കുകൾ പ്രകാരം ആംസ്റ്റർഡാമിൽ മനുഷ്യരേക്കാൾ കൂടുതലുള്ളത് സൈക്കിളുകളാണ്. വാൻഗോഗിന്റെ കാലത്തും ആംസ്റ്റർഡാം ഇങ്ങിനെ തന്നെ ആയിരുന്നുവോ? ഇത്രയധികം സൈക്കിളുകൾ, അന്നും അംസ്റ്റർഡാമിൽ ഉണ്ടാ

യിട്ടുണ്ടാകുമോ? അന്നും ആംസ്റ്റർഡാമിലെ സൈക്കിളുകൾക്ക് ഈ വൈവിധ്യം ഉണ്ടായിരുന്നുവോ? അതിന് വഴിയില്ലെന്ന് സ്വയം വിലയിരുത്തി. കാരണം പഴയ ചിത്രങ്ങളിലെല്ലാം കണ്ടിട്ടുള്ളത് ഒരേ പോലെയുള്ള സൈക്കിളുകളാണ്. അന്ന് ഒന്നോ രണ്ടോ കമ്പനികൾ മാത്രമാണ് സൈക്കിളുകൾ ഉണ്ടാക്കിയിരുന്നിട്ടുണ്ടാവുക. ഏതോ ഒരു തിരുവതാംകൂർ രാജാവ് ഇംഗ്ളണ്ടിൽ നിന്ന് ഇറക്കുമതി ചെയ്ത സൈക്കിളുമായി അഭിമാനപൂർവ്വം പോസ് ചെയ്തു നിൽക്കുന്ന ഒരു പഴയ ഫോട്ടോ തിരുവനന്തപുരത്തെ ഒരു സ്റ്റുഡിയോവിന്റെ ചുവരിൽ കണ്ടത് മനസ്സിൽ തെളിഞ്ഞുവന്നു.

പെട്ടെന്ന്, പരസ്യത്തിൽ പറയുന്നത് പോലെ മനസ്സിൽ ഒരു ലഡു പൊട്ടി. വാൻഗോഗിന് പകരം എന്തുകൊണ്ട് ആംസ്റ്റർഡാമിലെ സൈക്കിളുകളെ കുറിച്ചായിക്കൂടാ ഡോക്യുമെന്ററി പ്രെസന്റേഷൻ ? അതിന് പറ്റിയ ഫോട്ടോകൾ ഞാൻ എടുത്തവയിലുണ്ട്. പക്ഷെ, നേരത്തെ നിശ്ചയിച്ച വിഷയം മാറ്റി അവതരിപ്പിക്കണമെങ്കിൽ ഗൈഡിന്റെ അനുവാദം വേണം. പത്രപ്രവർത്തനത്തിൽ ഡോക്ടറേറ്റ് നേടിയശേഷം ഡോക്യുമെന്ററി സംവിധായകനായി തീർന്ന റെജിസ് എന്ന ഡച്ച് സായിപ്പാണ്  ഞാൻ ഉൾപ്പെടുന്ന ഗ്രൂപ്പിന്റെ ഗൈഡ്. ആംസ്റ്റർഡാമിലെ മീഡിയ അക്കാഡമിയിലെ പ്രൊഫസ്സറാണ്. ആർ.എൻ.ടി.സിയിലെ ഗൈഡ് ആയും സേവനമനുഷ്ഠിക്കുന്നു. എന്തുണ്ടെങ്കിലും വിളിക്കാനാണ് പറഞ്ഞിരിക്കുന്നത്. മൊബൈലിൽ വിളിച്ച് പ്രസന്റേഷന്റെ വിഷയം മാറ്റിയാൽ കൊള്ളാമെന്ന് വിനീതമായി അറിയിച്ചു. പ്രതീക്ഷിച്ചതുപോലെ പുതിയ വിഷയം ഏതാണെന്ന ചോദ്യം മറുതലക്കലിൽ വന്നു.  വാൻഗോഗിന് പകരം ആംസ്റ്റർഡാമിലെ സൈക്കിളുകൾ-ഞാൻ മടിച്ചുമടിച്ചു പറഞ്ഞു.ഉടനേ വന്നു മറുപടി. ഗ്രേറ്റ്, ക്യാരി ഓൺ !

ഈ ഡച്ചുകാർ ഇങ്ങനെയാണ് . എന്ത് കേട്ടാലും ആദ്യം ഗ്രേറ്റ് എന്ന് പറയും. അഞ്ചു ദിവസം മുൻപ് ആംസ്റ്റർഡാമിലെ ഷീപ്പോൾ വിമാനത്താവളത്തിലിറങ്ങി ഒരു ടാക്സി പിടിച്ച് ഹിൽവർസ്സമിലെ റേഡിയോ നെതർലാന്റ്സിന്റെ ആസ്ഥാനത്ത് എത്തുകയായിരുന്നു ഞാൻ. ടാക്സിയിൽ നിന്ന് ഇറങ്ങിയപ്പോൾ പ്രധാന കവാടം അടഞ്ഞു കിടക്കുന്നു. കാവൽക്കാരനോട് ഇന്ത്യയിൽ നിന്ന് ആർ.എൻ.ടി.സിയിൽ ചേരാൻ വന്ന വിദ്യാർത്ഥിയാണെന്ന് പറഞ്ഞു. ഉടനേ വന്നു മറുപടി-ഗ്രേറ്റ്! പുറകെ ഗേറ്റ് തുറന്ന് തരികയും ചെയ്തു. എന്താണ് ഇതിൽ ഗ്രേറ്റ്-മഹത്തരം എന്ന് ആലോചിച്ചാണ് റേഡിയോ നെതർലാന്റ്സിന്റെ പടി ചവട്ടിയത്. ഞാൻ ഇന്ത്യയിൽ നിന്ന് വന്നതോ? ആവാൻ വഴിയില്ല. ചിലപ്പോൾ ആർ.എൻ.ടി.സിയിൽ പഠിക്കാൻ അവസരം കിട്ടിയതാകാം എന്ന് വിചാരിച്ചു. പിന്നെയാണ് മനസ്സിലായത് ഈ ഡച്ചുകാർ ആളെ പറ്റിക്കാൻ വേണ്ടി പറയുന്നതാണ് ഗ്രേറ്റ് എന്നത്. അത്തരത്തിൽ ഉപചാരമായിട്ടാണ് ഡോക്ടർ റെജിസ് പറഞ്ഞതെങ്കിലും ഡോക്യുമെന്ററി പ്രസന്റേഷന്റെ വിഷയം വാൻഗോഗിൽ നിന്ന് സൈക്കിളിലേക്ക് മാറ്റാൻ തന്നെ ഞാൻ തീരുമാനിച്ചു.

**കണക്കുകൾ പ്രകാരം ആംസ്റ്റർഡാമിൽ മനുഷ്യരേക്കാൾ കൂടുതലുള്ളത് സൈക്കിളുകളാണ്. വാൻഗോഗിന്റെ കാലത്തും ആംസ്റ്റർഡാം ഇങ്ങിനെ തന്നെ ആയിരുന്നുവോ? ഇത്രയധികം സൈക്കിളുകൾ, അന്നും അംസ്റ്റർഡാമിൽ ഉണ്ടായിട്ടുണ്ടാകുമോ? അന്നും ആംസ്റ്റർഡാമിലെ സൈക്കിളുകൾക്ക് ഈ വൈവിധ്യം ഉണ്ടായിരുന്നുവോ?**



പിറ്റേദിവസം രാവിലെ തന്നെ ഇൻസ്റ്റിറ്റ്യൂട്ടിലെത്തി. ഉച്ചയായപ്പോഴേക്കും പ്രസന്റേഷൻ ലാപ്ടോപ്പിൽ തയ്യാറായി. കുറച്ചുകൂടി സൈക്കിൾ ഫോട്ടോകൾ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്ന് തോന്നിയതിനാൽ ഉച്ച ഭക്ഷണത്തിന് ശേഷം നേരെ ആംസ്റ്റർഡാമിലേക്ക് വച്ചുപിടിച്ചു. ഇത്തവണ ഒറ്റക്കാണ് ആംസ്റ്റർഡാം യാത്ര. ഇന്നലെ പോയത് ക്രിബിയുടെയും ഡാംബറിന്റെയും കൂടെയാണ്. തിരിച്ചു വന്നപ്പോൾ മുലാത്തു കൂട്ടിനുണ്ടായിരുന്നു. ഇപ്പോൾ കൂടെയുള്ളത് എന്റെ ക്യാമറ മാത്രം. ഇന്നലത്തെപ്പോലെ തന്നെ സെന്ററത്തിൽ ട്രെയിനിറങ്ങി. പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ ആദ്യം കണ്ട വഴിയിലൂടെ നടന്നു. സൈക്കിൾ പാത ഒഴിവാക്കി, കാൽനടക്കാർക്ക് വേണ്ടിയുള്ള കോൺക്രീറ്റ് പാതയി

ലൂടെയാണ് നടക്കുന്നത്. കാഴ്ചകൾ എല്ലാം ഇന്നലെ കണ്ടതിന്റെ ആവർത്തനങ്ങൾ മാത്രം. എങ്ങും നിറയെ സൈക്കിളുകൾ. ടൂറിസ്റ്റുക ളെയും കൊണ്ട് കറങ്ങുന്ന ചില സൈക്കിൾ റിക്ഷകളും കണ്ടു. അകലെ നിന്ന് നോക്കുമ്പോൾ ഓട്ടോ റിക്ഷപ്പോലിരിക്കുന്ന സൈക്കിൾ റിക്ഷകൾ. റിക്ഷ ചവിട്ടുന്നയാളും പിന്നിലെ രണ്ട് പേർക്കിരിക്കാവുന്ന സീറ്റും ഉള്ളിൽ വരുന്ന വിധമാണ് സൈക്കിൾ റിക്ഷയുടെ ബോഡി നിർമ്മിച്ചിരിക്കുന്നത്. സൂക്ഷിച്ചു നോക്കുന്നതു കണ്ടപ്പോൾ ഒരു സൈക്കിൾ റിക്ഷക്കാരൻ മാടി വിളി ച്ചു. അടത്തുചെന്നു സവാരിക്ക് എത്ര നൽകണമെന്ന് ചോദിച്ചു. 20 മിനി റ്റുള്ള ഒരു കറക്കത്തിന് 15 യൂറോ. താല്പര്യമില്ല എന്ന മട്ടിൽ നടക്കാൻ തുടങ്ങിയപ്പോൾ 10 യൂറോ തന്നാലും മതിയെന്ന് സായിപ്പ് പിന്നിൽ നിന്ന് വിളിച്ചു പറഞ്ഞു.

കേൾക്കാത്തപ്പോലെ നടത്ത ത്തിന്റെ വേഗം കൂട്ടി. നടന്ന് എത്തി യത് ഒരു പാലത്തിലേക്കാണ്. പുഴ യാണ് എന്ന് തോന്നിപ്പിക്കുന്ന വലിയ കനാലിലൂടെ ടൂറിസ്റ്റുകളെയും കയറ്റി വലതും ചെറുതുമായ നിരവധി ബോട്ടുകൾ. പാലത്തിലെ നടപ്പാത യിൽ നിരവധിപ്പേർ കനാൽ കാഴ്ച കൾ കണ്ട് നിൽക്കുന്നുണ്ട്. ഞാനും അവരുടെ കൂട്ടത്തിൽ കൂടി.

കുറച്ച് ഫോട്ടോകൾ എടുത്ത ശേഷം വീണ്ടും നടന്നു. കനാൽ പ്രധാന ഹൈവേയിലേക്ക് ചേരു ന്നിടത്താണ് എത്തിയത്. ആംസ്റ്റർഡാ മിൽ നിന്ന് ജർമ്മനിയിലേക്ക് പോകുന്ന അന്താരാഷ്ട്ര ഹൈവേ യാണ് റോഡെന്ന് ഡച്ചിൽ എഴുതിവെ ച്ചത് വളരെ കഷ്ടപ്പെട്ട് വായിച്ചു. തിര ക്കിട്ട് പാഞ്ഞുപോകുന്ന കാറുകളെ അൽപ്പനേരം നോക്കിനിന്നു. ഈ പ്രധാന ഹൈവേയോടും ചേർന്ന് ചുമന്ന കല്ല് വിരിച്ച സൈക്കിൾ പാത യുണ്ട്. ആംസ്റ്റർഡാമിൽ നിന്നും ജർമ്മൻ തലസ്ഥാനമായ ബർളി നിലേക്ക് 661 കിലോമീറ്റർ എന്നാണ് ബോർഡിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ ജർമ്മൻ അതിർത്തിയിലേക്ക് 147 കിലോ മീറ്ററേ ആംസ്റ്റർഡാമിൽ നിന്ന് ഉള്ളൂ. ഒരു സൈക്കിൾ കിട്ടിയിരുന്നങ്കിൽ 147 കിലോമീറ്റർ ആഞ്ഞുചവുട്ടി ജർമ്മനി യിലേക്ക് പോകാമായിരുന്നു എന്ന് വെറുതെ വിചാരിച്ചു. അപ്പോഴേക്കും ഒരു കുഞ്ഞുകാർ എന്റെ അരികിൽ ചേർത്തുനിറുത്തി ഒരു മദാമ്മ പുറ ത്തിറങ്ങി. കയ്യിൽ ഒരുമാപ്പുമുണ്ട്. മാപ്പും റോഡിലെ ബോർഡും നോക്കി എവിടക്കോ വഴി കണ്ടുപിടിക്കാ നുള്ള ശ്രമത്തിലാണ്. കാറു കണ്ടാൽ നമ്മുടെ നാട്ടിലെ മാറ്റിസ് പോലിരി ക്കും. ഒന്നുകൂടി സൂക്ഷിച്ചു നോക്കിയ പ്പോൾ മനസ്സിലായി അത് മാറ്റിസ് പോലെ അല്ല, ശരിക്കും മാറ്റിസ് തന്നെയാണ്. എനിക്ക് എന്തോ സന്തോഷം തോന്നി. ഞാനും പണ്ട് നാട്ടിൽ ഒരു മാറ്റിസ് കാർ ഉടമയായി രുന്നു. ഏറെ പ്രിയപ്പെട്ടതായിരുന്നു വെങ്കിലും കാർ ഉണ്ടാക്കിയിരുന്ന ദേവു കമ്പനി ഇന്ത്യയിൽ അടച്ചുപൂട്ടി യതിനെ തുടർന്ന് സ്പെയർ പാർട്ട്സും സർവ്വീസും ലഭിക്കാതായ പ്പോൾ കിട്ടിയ വിലയ്ക്ക് വിറ്റ് കയ്യൊ ഴിയുകയായിരുന്നു. എന്തായാലും ഹോളണ്ടിൽ മാറ്റിസിന് ആ പ്രശ്നമി ല്ലെന്ന് തോന്നുന്നു. ഇഷ്ടം പോലെ മാറ്റിസ് കാറുകൾ ഹോളണ്ടിലെങ്ങും കാണാം. എന്തായാലും മാറ്റിസി ന്റെയും ഒരു പടമെടുത്തു. അതു കഴി ഞ്ഞാണ് ശ്രദ്ധിച്ചത്. മാറ്റിസിന് പുറകി ലൊരു സൈക്കിൾ ചേർത്ത് വെച്ചിരി ക്കുന്നു. കാറിന്റെ പുറകിൽ ബംബ റിൽ പിടിപ്പിച്ചിരുക്കുന്ന ഒരു സ്ററാന്റിലാണ് സൈക്കിൾ വെച്ചിരി ക്കുന്നത്. സൈക്കിൾ ആ സ്റ്റാന്റിലെടു ത്തുവെച്ച് ലിവർ വലിച്ച് ലോക്ക് ചെയ്യാവുന്ന സംവിധാനം.

ഈ കറുത്ത സ്റ്റാന്റ് ഇല്ലാത്ത കാറുകൾ നെതർലാന്റിൽ ഇല്ല എന്ന് തന്നെ പറയാം. എവിടേക്ക് പോകുമ്പോഴും സൈക്കിളും കൂടി കൊണ്ടുപോകണം ഹോളണ്ടു കാർക്ക്. സൈക്കിളില്ലാതെ എന്ത് ജീവിതം എന്ന മട്ടിൽ. ചില കാറുക ളിലെ സ്റ്റാന്റിൽ രണ്ട് സൈക്കിളു കൾ വെയ്ക്കാം. മുകളിലെ കാരിയ റന്റെ സ്ഥാനത്ത് സൈക്കിൾ സ്റ്റാൻഡ് പിടിപ്പിച്ച കാറുകളും കണ്ടു.

റോഡിലൂടെ ഓടിച്ചു പോകുകയാ യിരുന്ന സൈക്കിളെടുത്ത് മണ്ടയിൽ വെച്ച പോലെയാണ് സൈക്കിൾ തല യിലേറ്റി പോകുന്ന കാറുകൾ കാണു മ്പോൾ തോന്നുക. ആല്പദൂരം കൂടെ നടന്നപ്പോൾ ഒരു സൈക്കിൾ കാഴ്ച കണ്ട് എനിക്ക് ചിരിപൊട്ടി. ഏകദേശം ഒരു കോടി രൂപയോളം വിലയുള്ള മേഴ്സിഡസ് ബെൻസ് -എസ് ക്ളാസ് കാർ ഹോളണ്ടിലും വലിയ താരമാണ്. ധനാഢ്യർ മാത്രം ഉപ യോഗിക്കുന്ന കാർ. അത്തരമൊരു പുതുപുത്തൻ ബെൻസ് എസ്- ക്ളാസ് ഒരു വലിയ വീടിന് പുറത്ത് റോഡരുകിൽ പാർക്ക് ചെയ്തിട്ടിരി ക്കുന്നു. ബെൻസ് കാറിന്റെ മണ്ട യിൽ ഒരു പഴയ മുഴുവൻ സൈക്കിൾ (സൈക്കിളുകളിൽ ഏറ്റവും വലിയത്- പഴയ ഇംഗ്ളീഷ് റാലി സൈക്കിൾ ഓർക്കുക) സ്റ്റഡി യായി വച്ചിരിക്കുന്നു.

ഈ ഡച്ചുകാരുടെ ഒരു കാര്യം! അമിതാബ് ബച്ചന്റെ തലയിൽ പ്ളാവി ലകൊണ്ടുള്ള കളിതൊപ്പി വച്ച് റോഡിൽ കൊണ്ടു നിറുത്തിയാൽ എങ്ങിനെയിരിക്കും? അതു പോലെ യാണ് സൈക്കിളും ചുമന്ന് കൊണ്ടുള്ള ബെൻസിന്റെ നിൽപ്പ്. അതിന്റെ ഒരു ജാള്യത ബെൻസ് കാറിന്റെ മുഖത്തുണ്ടാകുമെന്ന് വിചാ രിച്ച് ഞാൻ വെറുതെ കാറിന്റെ മുൻഭാ ഗത്തേക്ക് നോക്കി. എന്തായാലും എനിക്ക് സന്തോഷമായി. ഇങ്ങനെ യൊരു കാഴ്ച കാണാൻ ഹോളണ്ടിലേ പറ്റൂ. ഒരു കോടി രൂപ വിലയുള്ള ബെൻസ് എസ് ക്ലാസ്സിന്റെ പോലും യോഗം സൈക്കിളും ചുമന്ന് കൊണ്ട് ഓടാനാണ്!

കുറച്ച് സൈക്കിൾ ചിത്രങ്ങൾ കൂടി പകർത്തി. അപ്പോഴേക്കും തണുത്ത കാറ്റ് വീശി. പെട്ടന്ന് മഞ്ഞ് പൊഴിയാനും തുടങ്ങി. രണ്ട് മിനിറ്റു കൊണ്ട് കാലാവസ്ഥയാകെ മാറി. ചെറുതായി മഴയും ചാറി തുടങ്ങി. താപനില പൂജ്യവും കഴിഞ്ഞ് താഴാൻ അധിക സമയം വേണ്ടി വരി ല്ലന്ന് മുന്നറിയിപ്പ് നൽകുന്ന വിധ ത്തിൽ തണുപ്പ് ശക്തമാവുകയാണ്. കട്ടിയുള്ള ജാക്കറ്റ് കരുതിയത് ഭാഗ്യ മായി.

ഒരു നേരും നെറിയും ഇല്ലാത്ത താണ് ഹോളണ്ടിലെ കാലാവസ്ഥ. നല്ല വെയിൽ മാറി മഞ്ഞ് പെയ്യാൻ ഏതാനും മിനുറ്റുകൾ മതി. പെട്ടന്ന് തിരിച്ച് ഹോസ്റ്റലിൽ എത്തുന്നതാണ് ബുദ്ധിയെന്ന് മനസ്സ് മന്ത്രിച്ചു. റോഡിൽ നിറഞ്ഞു കവിഞ്ഞിരുന്ന സൈക്കിൾ യാത്രക്കാരെയും കാണാ തായിരിക്കുന്നു. ഞാൻ തിരക്കിട്ട് സെന്ററത്തിലെ റെയിൽവേ സ്റ്റേഷനി ലേക്ക് നടന്നു.